"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന് സ്ഥലമേറ്റെടുക്കുന്നതിന് രൂപീകരിച്ചിട്ടുള്ള സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ (എൽ.എ.) എയർപോർട്ട്, കരിപ്പൂർ, മലപ്പുറം യൂണിറ്റിലെ 12 തസ്തികകൾക്ക് 01-06-2026 മുതൽ ഒരു വർഷത്തേയ്ക്ക് തുടർച്ചാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ബി) വകുപ്പ്**

സ.ഉ.(കൈ) നം.227/2026/RD  തീയതി,തിരുവനന്തപുരം, 31-07-2026

---

പരാമർശം:-
1. സ.ഉ.(അച്ചടി) നം.442/2012/ധന, തീയതി, 08-08-2012.
2. സർക്കുലർ നം.29/2023/ധന, തീയതി, 24-03-2023.
3. സ.ഉ.(സാധാ) നം.1974/2025/ആർഡി, തീയതി, 21-08-2025.
4. ലാൻഡ് റവന്യൂ കമ്മീഷണറുടെ 18-02-2026, 17-03-2026 എന്നീ തീയതികളിലെ LR/5426/2023-LR(C5) നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

1. കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന് സ്ഥലമേറ്റെടുക്കുന്നതിന് രൂപീകരിച്ചിട്ടുള്ള സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ (എൽ.എ. ) എയർപോർട്ട്, കരിപ്പൂർ, മലപ്പുറം യൂണിറ്റിലെ 12 തസ്തികകൾക്ക് 01-06-2025 മുതൽ ഒരു വർഷത്തേക്ക് തുടർച്ചാനുമതി നൽകി പരാമർശം (3) പ്രകാരം സർക്കാർ ഉത്തരവായിരുന്നു.
2. നിലവിൽ മലപ്പുറം എൽ.എ. (ജനറൽ) സ്പെഷ്യൽ തഹസിൽദാരുടെ കാര്യാലയത്തിൽ കൈകാര്യം ചെയ്യുന്നതും, ഭൂമി മുൻകൂറായി വിട്ടു തന്നിട്ടുള്ളതും എന്നാൽ നഷ്ടപരിഹാര തുക അടിയന്തരമായി അനുവദിക്കേണ്ടതുമായ ചെമ്മാണിയോട്, മണ്ണാത്തിക്കടവ് എന്നീ പദ്ധതികൾ പ്രസ്തുത യൂണിറ്റിനെ ഏൽപ്പിക്കാവുന്നതാണെന്ന് ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശം (4) ലെ 17.03.2026 ലെ കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേൽ വസ്തുതകൾ കൂടി കണക്കിലെടുത്ത് സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ, (എൽ.എ.) എയർപോർട്ട്, കരിപ്പൂർ, മലപ്പുറം യൂണിറ്റിലെ 12 തസ്തികകൾ ക്ക് 01-06-2026 മുതൽ ഒരു വർഷത്തേക്ക് കൂടി തുടർച്ചാനുമതി അനുവദിച്ച് നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ലാൻഡ് റവന്യൂ കമ്മീഷണർ നിശ്ചിത പ്രൊഫോർമയിൽ ശിപാർശ

സമർപ്പിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച പരാമർ ശം (1) സർക്കാർ ഉത്തരവ്, പരാമർ ശം (2) സർക്കുലർ എന്നിവയുടെ അടിസ്ഥാനത്തിൽ ജോലിക്രമീകരണ വ്യവസ്ഥയിലുള്ള നിയമനം അനുവദനീയമല്ലാത്തതിനാൽ ഇത്തരം നിയമനങ്ങൾ റദ്ദ് ചെയ്യേണ്ടതാണ് എന്ന നിബന്ധനയ്ക്ക് വിധേയമായി, കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന് സ്ഥലമേറ്റെടുക്കുന്നതിന് രൂപീകരിച്ചിട്ടുള്ള സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ (എൽ.എ. ) എയർപോർട്ട്, കരിപ്പൂർ, മലപ്പുറം യൂണിറ്റിലെ ചുവടെപ്പറയുന്ന 12 തസ്തികകൾ ക്ക് 01-06-2026 മുതൽ ഒരു വർഷത്തേയ്ക്ക് തുടർച്ചാനുമതി നൽകി ഉത്തരവാകുന്നു.

| ക്രമ നം. | തസ്തികയുടെ പേര് | തസ്തികയുടെ എണ്ണം |
|---|---|---|
| 1 | സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ | 1 |
| 2 | സ്പെഷ്യൽ തഹസിൽദാർ | 1 |
| 3 | ജൂനിയർ സൂപ്രണ്ട്/വാല്യുവേഷൻ അസിസ്റ്റന്റ് | 2 |
| 4 | ക്ലാർക്ക് | 2 |
| 5 | സർവ്വേയർ | 3 |
| 6 | ടൈപ്പിസ്റ്റ് | 1 |
| 7 | ഓഫീസ് അറ്റൻഡന്റ് | 2 |
| | **ആകെ** | **12** |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജീവൻ ബാബു കെ ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

1. ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
2. ജില്ലാ കളക്ടർ, മലപ്പുറം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം
4. പൊതുഭരണ (എസ്.സി.) വകുപ്പ് (ഇനം നം..................)
5. ധനകാര്യ വകുപ്പ് (EXP-A1/419/2019-FIN dated 07-07-2026)
6. വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂമീഡിയ) വകുപ്പ്.
7. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (REV-B3/48/2026-REV)

ഉത്തരവിൻ പ്രകാരം

Digitally signed by Sandhya S
Date: 31-07-2026 14:47:55

സെക്ഷൻ ഓഫീസർ

പകർപ്പ് :

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.
റവന്യൂ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്.

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 29-07-2026

ഫയൽ നം. റവ-ബി3/48/2026/റവ. ഇനം നം : 96

വിഷയം : റവന്യൂ വകുപ്പ് - സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ (എൽ.എ.) എയർപോർട്ട്, കരിപ്പൂർ, മലപ്പുറം യൂണിറ്റിലെ 12 തസ്തികകൾക്ക് 01.06.2026 മുതൽ തുടർച്ചാനുമതി നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
വി. ഡി. സതീശൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ബിശ്വനാഥ് സിൻഹ
ചീഫ് സെക്രട്ടറി

സ്പെഷ്യൽ സെക്രട്ടറി, റവന്യൂ വകുപ്പ്.

**കേരള സർക്കാർ**
**(ശ്രീ.വി.ഡി.സതീശൻ മന്ത്രിസഭ)**
**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | റവ-ബി3/48/2026-റവ |
| 2. | വകുപ്പ് | : | റവന്യൂ (ബി) വകുപ്പ് |
| 3. | വിഷയം | : | സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ (എൽ.എ.) എയർപോർട്ട്, കരിപ്പൂർ, മലപ്പുറം യൂണിറ്റിലെ 12 തസ്തികകൾക്ക് 01-06-2026 മുതൽ തുടർച്ചാനുമതി നൽകുന്നത് - സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 18-07-2026 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ? | : | അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട്<br>ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി ഗീത എ. |
| 8. | കുറിപ്പ് അംഗീകരിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : | ശ്രീ.ജീവൻ ബാബു കെ. |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സ്പെഷ്യൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 22-07-2026 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ.ബിശ്വനാഥ് സിൻഹ |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 24-07-2026 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.എ.പി.അനിൽകുമാർ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 27-07-2026 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 28-07-2026 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | 29-07-2026 |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും | : | |